# മഹാത്മാ ഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298, മൊബൈൽ : 9495119702


2019 നവംബർ 6

# വാർത്താക്കുറിപ്പ്

## പുതുക്കിയ പരീക്ഷ തീയതി

അഫിലിയേറ്റഡ് കോളേജുകളിലും സീപാസിലും നവംബർ ഒന്നിന് നടത്താനിരുന്നതും നവംബർ എട്ടിലേക്ക് മാറ്റിവച്ചതുമായ രണ്ടാം സെമസ്റ്റർ എം.സി.എ. പരീക്ഷകൾ നവംബർ 12ന് നടത്തുന്നതിനായി പുതുക്കി നിശ്ചയിച്ചു.

(പി.ആർ.ഒ/39/1965/2019)

## അപേക്ഷ തീയതി നീട്ടി

ഒന്നാം സെമസ്റ്റർ എം.എ./ എം.എസ്സി./ എം.കോം./ എം.സി.ജെ./ എം.എസ്.ഡബ്ല്യു./ എം.ടി.എ. ആന്റ് എം.ടി.ടി.എം. (2019 അഡ്മിഷൻ റഗുലർ) പരീക്ഷകൾക്ക് പിഴയില്ലാതെ നവംബർ എട്ടുവരെയും 500 രൂപ പിഴയോടെ ഒൻപതുവരെയും 1000 രൂപ സൂപ്പർഫൈനോടെ പത്തുവരെയും അപേക്ഷിക്കാം.

(പി.ആർ.ഒ/39/1966/2019)

## വൈവാവോസി

നാലാം സെമസ്റ്റർ എം.എ. മലയാളം (പ്രൈവറ്റ്) ജൂലൈ 2019 പരീക്ഷയുടെ വൈവാവോസി നവംബർ 15ന് കുറവിലങ്ങാട് ദേവമാത കോളേജിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1967/2019)

നാലാം സെമസ്റ്റർ എം.എ. ഹിസ്റ്ററി (പ്രൈവറ്റ് രജിസ്ട്രേഷൻ) ജൂലൈ 2019 പരീക്ഷയുടെ വൈവാവോസി നവംബർ 14, 15 തീയതികളിൽ സിൽവർ ജൂബിലി പരീക്ഷഭവനിലെ 201-ാം നമ്പർ മുറിയിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1968/2019)

മൂന്നും നാലും സെമസ്റ്റർ/രണ്ടാം വർഷ എം.കോം. പ്രൈവറ്റ് (2017 അഡ്മിഷൻ റഗുലർ, 2013, 2014, 2015 അഡ്മിഷൻ സപ്ലിമെന്ററി) ജൂലൈ 2019 പരീക്ഷയുടെ വൈവാവോസി നവംബർ 11 മുതൽ 14 വരെ വിവിധ കേന്ദ്രങ്ങളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ.

(പി.ആർ.ഒ/39/1969/2019)

## പഠന ഗവേഷണ രംഗത്ത് എം.ജി. കിലയുമായി കൈകോർക്കുന്നു

പഠനം, ഗവേഷണം, പ്രസിദ്ധീകരണം എന്നീ മേഖലകളിൽ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനുമായി അക്കാദമിക സഹകരണത്തിനൊരുങ്ങി മഹാത്മാ ഗാന്ധി സർവകലാശാല. പഠന കോഴ്സുകൾ, ഗവേഷണ പദ്ധതികൾ, സെമിനാറുകൾ, പ്രസിദ്ധീകരണങ്ങൾ തുടങ്ങിയ മേഖലയിൽ ഇരുസ്ഥാപനങ്ങളും സംയുക്തമായി പ്രവർത്തിക്കുന്നതിനുള്ള ധാരണാപത്രം ഇന്ന് (നവംബർ 7) ഒപ്പുവയ്ക്കും. രാവിലെ 11ന് വൈസ് ചാൻസലറുടെ ചേമ്പറിൽ നടക്കുന്ന ചടങ്ങിലാണ് ധാരണാപത്രം ഒപ്പുവയ്ക്കുക. വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, കില ഡയറക്ടർ ഡോ. ജോയ് ഇളമൺ, രജിസ്ട്രാർ പ്രൊഫ. കെ. സാബുക്കുട്ടൻ, ഗാന്ധിയൻ പഠനവകുപ്പ് മേധാവി പ്രൊഫ. എം.എച്ച്. ഇല്യാസ്, കോഴ്സ് കോ-ഓർഡിനേറ്റർ ഡോ. ബിജു ലക്ഷ്മണൻ എന്നിവർ പങ്കെടുക്കും.

(പി.ആർ.ഒ/39/1970/2019)

**എ. അരുൺ കുമാർ**